**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 605** **11-06-2024 - ൽ മറുപടിയ്ക്ക്**

**നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ; | (എ) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളിൽ 2023-24 സാമ്പത്തിക വർഷത്തിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും യഥാസമയത്ത് നൽകിവരുന്നുണ്ടോ; | (ബി) | വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരത്തിന്റെ ഭാഗമായി വിപണനത്തിന്റെയും/ സേവനങ്ങൾ നല്കിയതിന്റെയും ഭാഗമായി കമ്പനികൾക്ക് ലഭിക്കേണ്ട തുകയിൽ കാലതാമസം നേരിടുന്നതിനാൽ കൃത്യമായ തീയതിയിൽ ശമ്പളം നൽകുന്നതിന് ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ താമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ കമ്പനികൾക്ക് അത്യാവശ്യ പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിന് 36.30 കോടി രൂപ 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രത്യേകമായി വകയിരുത്തിയിട്ടുണ്ട്. |
| (സി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലാഭത്തിലേക്ക് കൊണ്ടുവരുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (സി) | നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെ പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>• ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിലുള്ള നവീകരണ വിപുലീകരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

- നിലവിലെ ഉല്പന്നങ്ങളുടെ ഭാവി വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ആഗോള ആഭ്യന്തര വിപണന സാധ്യതകളും വിലയിരുത്തി നിലവിലെ വിപണന മേഖലകൾ വിപുലീകരിക്കുവാൻ കമ്പനികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
- നടപ്പ് സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 279.10 കോടി രൂപ സർക്കാർ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.
- പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉത്തരവാദിത്തത്തോട് കൂടി പ്രവർത്തന സ്വയം ഭരണാവകാശം നൽകുന്നതിന്റെ ഭാഗമായി ശ്രീ. പോൾ ആന്റണി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾക്ക് തത്വത്തിൽ അംഗീകാരം നൽകി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി ലാഭകരമാക്കുന്നതിന്റെ ഭാഗമായി ഓരോ സ്ഥാപനങ്ങളുടെയും 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബിസിനസ്സ് പ്ലാനും MoUഉം തയ്യാറാക്കുകയും ആയതിന്റെ പുരോഗതി മാസം തോറും അവലോകനം ചെയ്യുന്നതിനായി ഒരു ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.
- സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കുന്നുണ്ട്.
- പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി പി.എസ്.സി മുഖേനയല്ലാതെയുള്ള നിയമനങ്ങൾ നടത്തുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് (KPESRB) എന്ന പേരിൽ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയും വിവിധ തസ്തികകളിലേക്കുള്ള നിയമന നടപടികൾ പുരോഗമിക്കുകയുമാണ്.
- കമ്പനികളുടെ ഡയറക്ടർ ബോർഡുകൾ വിദഗ്ധരെ ഉൾപ്പെടുത്തി

ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പനികളുടെ വിവിധ മേഖലകളിൽ പ്രാവീണ്യം ലഭിച്ചവരുടെ ഒരു പാനൽ തയ്യാറാക്കി ഇൻഡിപെൻഡന്റ് ഡയറക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികൾ നടത്തിവരുന്നു.
- പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിങ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി ഏറ്റവും മികച്ച സ്ഥാപനം, മാനേജിങ് ഡയറക്ടർ, ജീവനക്കാരൻ, വ്യവസായ മേഖലയെ സംബന്ധിച്ച മികച്ച മാധ്യമ റിപ്പോർട്ടിങ് എന്നീ മേഖലകളിൽ അവാർഡുകൾ നൽകിവരുന്നു.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സുഗമമായി നടക്കുന്നതിനുള്ള പ്രവർത്തന മൂലധനം ഉറപ്പുവരുത്തുന്നതിനും ദീർഘകാല പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമായി സർക്കാർ ധനസഹായത്തിന് പുറമെ റിവോൾവിങ് ഫണ്ട് രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.
- പരമ്പരാഗത മേഖലയുടെ വികസനത്തിന്റെ ഭാഗമായി ഉത്പന്നങ്ങളുടെ വിപണനത്തിനായി ONDC(ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സ്) യുടെ സഹകരണത്തോടെ ഇ-കൊമേഴ്സ് പോർട്ടൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ വ്യവസായ വകുപ്പിന്റെ അധീനതയിൽ കെൽട്രോണിന്റെ മേൽനോട്ടത്തിൽ പുതിയ ഓൺലൈൻ പോർട്ടൽ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.
- പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ നവീകരണ വിപുലീകരണ പദ്ധതികളെ തുടർന്ന് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ബിസിനസ്/ ഓർഡറുകൾ നേടിയെടുക്കുന്നതിനുള്ള

| | | | |
|---|---|---|---|
| | | | ബിസിനസ് സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുമായി സംഘടിപ്പിച്ച B2B meet ന്റെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി കൂടുതൽ ഓർഡറുകൾ ലഭ്യമായി തുടങ്ങിയിട്ടുണ്ട്.<br>• പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യം കഴിഞ്ഞ് അധികമുള്ള ഭൂമി വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്ര പെട്രോളിയം കമ്പനികളുമായി ചേർന്ന് ഫ്യൂവൽ പമ്പുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ അധിക ഭൂമിയിൽ സെൻട്രൽ വെയർഹൗസിംഗ് കോർപറേഷൻ ഗോഡൗണുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകളും പരിശോധിച്ച് വരികയാണ്. ഇത്തരത്തിൽ വരുമാനം വർധിപ്പിച്ച് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈദ്യുതി കുടിശിക പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ? | (ഡി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ കെ.എസ്.ഇ.ബി യുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനായി പ്രത്യേക സെക്രട്ടറിതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ വൈദ്യുതി ചാർജ്ജ്/ കുടിശ്ശിക തീർപ്പാക്കുന്നതിന് വേണ്ടി ഉന്നതതല യോഗം കൂടിയതിന്റെ അടിസ്ഥാനത്തിൽ ആഗസ്റ്റ് 2023 മുതൽ പൊതുമേഖലാ സ്ഥാപനങ്ങൾ വൈദ്യുതി ചാർജ്ജ് കൃത്യമായി അടയ്ക്കുവാനും അതുവരെ ഉള്ള കുടിശ്ശിക KSEB ആവിഷ്കരിച്ചിരുന്ന ഒറ്റ തവണയിൽ അടച്ച തീർക്കുന്നതിനുള്ള പദ്ധതി സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുവാനും തീരുമാനിച്ചിരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക കണക്കിലും വൈദ്യുതി ബോർഡിന്റെ കണക്കിലുമുള്ള അന്തരം പരിശോധിച്ച് ശരിയായ കുടിശ്ശിക കണക്കുകൾ കണ്ടെത്തുന്നതിനായി reconcile ചെയ്യുവാൻ സ്ഥാപനങ്ങളോടും KSEB യോടും നിർദ്ദേശിക്കുകയുമുണ്ടായി. വലിയ കുടിശ്ശികയുള്ള സ്ഥാപനങ്ങൾക്ക് അധികമായി ഉള്ള സ്ഥലം KSEB-ക്ക് കൈമാറിയോ അല്ലെങ്കിൽ അത് മറ്റ് വ്യാവസായിക ആവശ്യങ്ങൾക്ക് കൈമാറി കിട്ടുന്ന തുക ഉപയോഗിച്ചോ കുടിശ്ശിക അടച്ച തീർക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**2023-24 സാമ്പത്തിക വർഷത്തിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

| ക്രമ നം | കമ്പനി |
|---|---|
| 1 | കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാകച്ചറിംഗ് കമ്പനി ലിമിറ്റഡ് |
| 2 | കെൽപാം |
| 3 | കെൽ-ഇ എം എൽ |
| 4 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 5 | കെ.കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റിവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 6 | ദി മലപ്പുറം കോ-ഓപ്പറേറ്റിവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 7 | ആലപ്പി കോ-ഓപ്പറേറ്റിവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 8 | കയർഫെഡ് |
| 9 | ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ് |
| 10 | ദി കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 11 | മാൽകോടെക്സ് |
| 12 | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് |
| 13 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് |
| 14 | ദി ക്വയ്ലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 15 | ദി കേരള സിറാമിക്സ് ലിമിറ്റഡ് |
| 16 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് |
| 17 | ഹാൻടെക്സ് |
| 18 | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് |
| 19 | കേരള സ്റ്റേറ്റ് ഹാന്റലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ |
| 20 | ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് |
| 21 | പ്രിയദർശിനി കോ-ഓപ്പറേറ്റിവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 22 | ആട്ടോകാസ്റ്റ് ലിമിറ്റഡ് |
| 23 | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| 24 | കാപെക്സ് |
| 25 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് |
| 26 | മലബാർ സിമന്റ്സ് ലിമിറ്റഡ് |
| 27 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് |
| 28 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് |
| 29 | കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് |
| 30 | കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 31 | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് |
| 32 | സെയിൽ-എസ്.സി.എൽ കേരള ലിമിറ്റഡ് |
| 33 | ദി ട്രിച്ചൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |

സെക്ഷൻ ഓഫീസർ